വേങ്ങരയിൽനിന്ന് കുഴിപ്പുറത്തേയ്ക്കുള്ള റോഡിന്റെ പണി

157. [429] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽപ്പെട്ട വേങ്ങരയിൽനിന്ന് തുടങ്ങി ഇരിങ്ങല്ലൂർ പറലോണിവഴി കുഴിപ്പുറത്തേയ്ക്കുള്ള റോഡിന്റെ പണിക്കുവേണ്ടി ടെണ്ടർ വിളിച്ചത് എന്നാണ് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ എത്രത്തോളമായി എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ റോഡ് എന്ന് പൂർത്തിയാക്കുമെന്ന് പറയാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) 28-1-1983-ന്.

(ബി) റോഡ് ഫോർമേഷൻ പൂർത്തിയായിട്ടുണ്ട്.

(സി) ഈ വർഷാവസാനം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രസിഡന്റിന്റെ അനുമതിക്കായി അയച്ച ബില്ലുകൾ

158. [438] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 20-8-1985 വരെ പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചതിൽ അനുമതി കിട്ടാതെ കിടക്കുന്ന ബില്ലുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയ്ക്ക് അനുമതി തരാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) അനുമതി വേഗത്തിൽ കിട്ടാൻ സംസ്ഥാനം എന്ത് നടപടികൾ എടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 20-8-1985 വരെ പ്രസിഡന്റിന്റെ അനുമതി കിട്ടാതെ ഒരു ബില്ല് മാത്രമേയുള്ളൂ. അത് സംസ്ഥാന നിയമസഭ പാസാക്കിയ 1977-ലെ കേരള കാഷ്വൽ ടെമ്പററി ആൻഡ് ബദലി വർക്കേഴ്സ് (വേജസ്) ബില്ലാണ്.

(ബി ആൻറ് സി) പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നതായി കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്നും സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

സൗജന്യ നിയമ സഹായ പദ്ധതി

159. [439] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗജന്യ നിയമ സഹായ പദ്ധതി വിപുലമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly